## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 327 01.12.2014-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി മാനേജ്മെന്റ് സംവിധാനത്തിലെ പ്രൊഫഷണലിസം

ചോദ്യം

ശ്രീ. കെ.എൻ.എ. ഖാദർ :
" കെ.എം. ഷാജി :
" അബ്ദുറഹിമാൻ രണ്ടത്താണി :
" സി.മമ്മൂട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് സംവിധാനത്തിൽ പ്രൊഫഷണലിസം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിവും, പ്രാഗത്ഭ്യവും തെളിയിച്ച ഒരു ഉദ്യോഗസ്ഥനെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്. സാമ്പത്തിക മാനേജ്മെന്റ് പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി ICWA യോഗ്യതയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തി പരിചയവുമുള്ള ഒരാളെ സാമ്പത്തിക വിഭാഗത്തിന്റെ തലവനായി നിയോഗിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കുള്ള യോഗ്യതകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 26.08.2014-ൽ ചേർന്ന 380-മത് ഭരണ സമിതി യോഗത്തിലെ അജണ്ട ഇനം 69/2014-ന്റെ തീരുമാന പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ മാത്രമെ നിലവിലുള്ളൂ എന്നും മറ്റ് നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണെന്നും ചെയർമാൻ അറിയിച്ചതിനെ തുടർന്ന്, നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയോഗിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സമർത്ഥരായവർ ഇല്ലാത്തതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സർക്കാർ, പൊതുജനങ്ങൾ ജീവനക്കാർ എന്നിവരുമായി നിരന്തരം നടത്തേണ്ട സംവേദനത്തിന് സഹായകരമാകുന്നതിനുവേണ്ടി നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തിക കൂടി ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ഭരണ സമിതി തീരുമാനിച്ചു. ഇപ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കും ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികയിലേയ്ക്കും ഡെപ്യൂട്ടേഷൻ മുഖാന്തിരം യോഗ്യതയും, പ്രാഗത്ഭ്യവും കഴിവുമുള്ളവരെ നിയോഗിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി ഒരു കഴിവും പ്രകടിപ്പിക്കാതിരുന്നിട്ടും സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തി സ്ഥാപനത്തിന് ബാദ്ധ്യതയായി തുടരുന്നവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | കെ.എസ്.ആർ.ടി.സി ചീഫ് എക്സിക്യൂട്ടീവിന്റെയും, സാമ്പത്തിക വിഭാഗം മേധാവിയുടേയും ഒഴികെയുള്ള എല്ലാ നിയമനങ്ങളിലും ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് പി.എസ്.സിയോ, പി.എസ്.സിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായോ ആണ്. ഓഫീസർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യരെ കണ്ടെത്താൻ അതാതു മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചതിന്റെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രതിനിധി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മറ്റിയാണ്. ഈ കമ്മറ്റിയുടെ ശുപാർശ പ്രകാരമാണ് ടി തസ്തികകളിൽ നിയമനം നടക്കുന്നത്. അതു കൊണ്ടു തന്നെ ഇപ്പോൾ നിലവിലുള്ള ഓഫീസർമാർ കെ.എസ്.ആർ. ടി.സി.യ്ക്ക് ഒരു ബാധ്യതയായി കരുതുന്നില്ല. |
| (സി) | നിലവിൽ സ്ഥാപനത്തിന് വൻ നഷ്ടം വരുത്തിവയ്ക്കുന്ന പലിശ ച്ചെലവും മറ്റു ധൂർത്തുകളും അനഭിലഷണീയ ട്രേഡ് യൂണിയൻ പ്രവർത്തനവും നിയന്ത്രിക്കാനും, മാനേജ്മെന്റും തൊഴിലാളികളും തമ്മിലെ ബന്ധം സുതാര്യമാക്കാനും ആവശ്യമായ നടപടി ഇതോടൊപ്പം സ്വീകരിക്കുമോ? | (സി) | കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പാക്കേജിലെ ഒരു പ്രധാന ഇനം പലിശ നിരക്ക് കൂടിയ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ, മറ്റു ബാങ്കുകളിലെ പലിശ നിരക്ക് കുറവും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റുകയെന്നതാണ്. ഇത്തരത്തിൽ വായ്പകൾ പൂർണ്ണമായും മറ്റ് ബാങ്കുകളിലേക്ക് മാറ്റുമ്പോൾ പ്രതിമാസം പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന ചെലവ് വൻ തോതിൽ കുറയ്ക്കാൻ സാധിക്കും. അനഭിലഷണീയ ട്രേഡ് യൂണിയൻ പ്രവർത്തനം കോർപ്പറേഷനിൽ നിലവിലില്ല. അംഗീകൃത തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ ചേരുന്ന അവലോകന യോഗങ്ങളിൽ എല്ലാ നയപരമായ വിഷയങ്ങളും, തർക്ക വിഷയങ്ങളും ചർച്ച ചെയ്യുകയും സുതാര്യമായി നടപടികൾ കൈക്കൊണ്ടു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ